# ഓശാനയുടെ ചില ഉൾപ്പൊരുളുകൾ

ഫാദർ കുര്യൻ വാലുപറമ്പിൽ (14.3.2015)

മലങ്കര സുറിയാനി ആരാധനക്രമത്തിലുള്ള ഓശാനശുശ്രൂഷയുടെ ഏതാനും മാനങ്ങളെക്കുറിച്ചുള്ള എളിയൊരു പഠന-വിചിന്തനമാണ് ഈ ലേഖനം. 'ഓശാന' എന്ന വാക്ക് *ഹോസാനാ* എന്ന ഹീബ്രു വാക്കിൽനിന്ന് ഉരുവായതാണ്. *ഹോസാനാ*-യുടെ അർഥം ഞങ്ങളെ രക്ഷിക്കണമെ എന്നാണ്. കാലാന്തരത്തിൽ ഹോസാനാ / ഓശാന യേശുവിനുള്ള ഒരു എതിരേല്പുസ്തുതിപ്പായി. ഈ സ്തുതിപ്പുയർത്തുന്നവർ അതുവഴി കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ എന്ന് അപേക്ഷിക്കുന്നു.

## 1, ഓശാനശുശ്രൂഷയുടെ ഘടന

ഓശാനപ്പെരുന്നാളിന്റെ ആഘോഷത്തിൽ മൂന്നു ശുശ്രൂഷകളുണ്ട്: യാമനസ്കാരം, ഓശാനപ്പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷ, വിശുദ്ധ കുർബാന എന്നിവ. ഓശാനപ്പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷയെ നാം ഓശാനശുശ്രൂഷ എന്ന് ക്ലിപ്തപ്പെടുത്തുന്നു. അതിൽ മുഖ്യമായി മൂന്ന് ഭാഗങ്ങൾ അഥവാ ശുശ്രൂഷകൾ ഉണ്ട്: അവയുടെ ക്രമം സുറിയാനി, മലയാള ശുശ്രൂഷക്രമങ്ങളനുസരിച്ച്, ഇപ്രകാരമാണ്: പ്രദക്ഷിണം, കുരുത്തോലവാഴ്വ്, സ്ലീബായാഘോഷം. ഈ ക്രമമനുസരിച്ച് ആരംഭിച്ചാൽ വിവരലിലെണ്ണാനുള്ളവരേ പ്രദക്ഷിണത്തിനു കാണുള്ളു എന്നതുകൊണ്ടാണ് കുരുത്തോലപ്രദക്ഷണം ഓശാനയുടെ പ്രത്യേക ശുശ്രൂഷകളിൽ മൂന്നാമത്തതായി - കുർബാനയ്ക്കു തൊട്ടു മുമ്പായി - ഇപ്പോൾ നടത്തുന്നത്.

## ആദ്യം പ്രദക്ഷിണം അഥവാ വരവേല്പ്

മലങ്കര സഭയ്ക്കു ലഭിച്ച ഓശാനശുശ്രൂഷയുടെ അനുഷ്ഠാനക്രമം പ്രദക്ഷിണംകൊണ്ട്, അതായത്, എതിരേല്പുകൊണ്ട് ആരംഭിക്കുന്ന ശുശ്രൂഷക്രമമാണ്. അങ്ങനെയൊരു ക്രമമാണ അതിന് അവസാനരൂപം നല്കിയ അന്ത്യോക്യൻ സുറിയാനിപിതാക്കന്മാർ കൈമാറിയിട്ടുള്ളത്. എതിരേല്പിനെതുടർന്നാണ് ഓശാനയുടെ കുരുത്തോലവാഴ്വ് - സ്ലീബായോഘോഷം എന്നിവ. ഈ ക്രമഘടന യേശു കഴുതപ്പുറത്ത് ജറുസലേമിലേക്കു രാജകീയപ്രവേശം നടത്തി (ലൂക്കാ 19,28-44; മത്താ 21,1-11; മർക്കോ 11,1-11; യോഹ 12,12-19), നേരേ ദേവാലയത്തിൽ പ്രവേശിച്ച് അതിൽ ശുശ്രൂഷ ചെയ്തതിനെക്കുറിച്ചുള്ള ലൂക്കായുടെ വിവരണക്രമത്തിന് (ലൂക്കാ 19,45-21,38) സമാനമാണ്. ലൂക്കായുടെ വിവരണക്രമത്തിൽനിന്നു വ്യത്യസ്തങ്ങളാണ് മത്തായി, മർക്കോസ് എന്നിവരുടെ രണ്ടു സമാന്തര സുവിശേഷങ്ങളിലെ വിവരണക്രമം (മത്താ 21,12-17.23-26,5; മർക്കോ 11,15-19. 27-12,44). സുവിശേഷവിവ

രണങ്ങളിൽ യേശുവിന്റെ ദേവാലയശു ശ്രൂഷയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്: ദേവാലയം ശുദ്ധീകരിച്ചു (ലൂക്കാ 19,45– 46); തുടർന്ന് അതിൽ ജനത്തെ പഠിപ്പിച്ചുകൊണ്ടിരുന്നു (19,47–48; 20,1– 21,38).

മലങ്കര സുറിയാനി സഭയ്ക്കു ലഭിച്ച അന്ത്യോക്യൻ സുറിയാനി ക്രമമനുസരിച്ച്, ആദ്യം കുരുത്തോലയുമേന്തിയുള്ള ആഘോഷമായ പ്രദക്ഷിണം – എതിരേല്പുയാത്ര – നടത്തണം. അതായത്, യേശുവിനെ എതിരേറ്റ് ദേവാലയത്തിലേക്ക് എഴുന്നള്ളിക്കുന്നു. കുരുത്തോലയേന്തി പൂക്കൾ വിതറി യേശുവിന് ഓശാന പാടി എതിരേറ്റ് (പ്രദക്ഷിണമായി) നേരേ ദേവാലയത്തിലേക്കുള്ള പ്രവേശനശുശ്രൂഷ നടത്തുന്നു. തുടർന്ന് ദേവാലയത്തിലെ ശുശ്രൂഷ. ഈ ക്രമത്തിൽ വിശുദ്ധ ലൂക്കായുടെ സുവിശേഷവിവരണത്തിൽ ലഭ്യമായ ആദിമ അന്ത്യോക്യൻ ക്രമം അന്ത്യോക്യൻ സുറിയാനി പിതാക്കന്മാർ അനുവർത്തിക്കുന്നതായി കാണുന്നു. കഴുതപ്പുറത്തിരുന്ന് യേശു ജറുസലേമിലേക്കു നടത്തിയ രാജകീയ യാത്ര **നേരേ ദേവാലയത്തിൽ പ്രവേശിച്ചതായും**, തുടർന്ന് യേശു ദേവാലയത്തിൽ ശുശ്രൂഷ ചെയ്തതായും അന്ത്യോക്യക്കാരനായ ലൂക്കാ മാത്രമേ സാക്ഷ്യപ്പെടുത്തിയിട്ടുള്ളു. യേശു ചെയ്ത ഈ യാത്ര ദേവാലയത്തിലേക്കുള്ള തീർഥാടനവും ആയിരുന്നെന്ന് "കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ" എന്ന അനുഗ്രഹവചസ്സുകൾ സൂചിപ്പിക്കുന്നു. ഈ വാക്കുകൾ ഒരു തീർഥാടന സങ്കീർത്തനമായ 118,26ലെ വാക്കുകളാണല്ലോ.

## 2 ഓശാനശുശ്രൂഷ 'ഓർമിക്കൽ'ശുശ്രൂഷ

എല്ലാ പെരുന്നാളുകളുമെന്നപോലെ ഓശാനശുശ്രൂഷയും സഭയ്ക്ക് ഒരു 'ഓർമിക്കൽ'ശുശ്രൂഷയാണ്. ആരാധനയിൽ ഓർമിക്കൽ രക്ഷാകരമായ ചരിത്രസംഭവത്തിന്റെ വർത്തമാനവത്കരണമാണ് – പുനർസന്നിഹിതമാകൽ ആകുന്നു. യേശു ബേത്പാഗേ-ബേഥാനിയാ പ്രദേശത്തുനിന്ന് കഴുതപ്പുറത്തിരുന്ന് ജറുസലേംദേവാലയത്തിലേക്ക് രാജാവായി കയറിപ്പോയെന്നും, അപ്പോൾ ശിഷ്യഗണവും വലിയൊരു ജനക്കൂട്ടവും അവനെ സാഘോഷം എതിരേറ്റെന്നുമുള്ള ചരിത്രസംഭവം തങ്ങളുടെ ഓർമശക്തിയുടെ ഒരു വ്യപാരമായിത്തീർക്കുകയല്ല വിശ്വാസിസമൂഹം – യേശുവിന്റെ ഇന്നത്തെ ശിഷ്യസമൂഹം – ഓശാനപ്പെരുന്നാളിൽ ചെയ്യുന്നത്. ഓശാനസ്തുതിയുടെ നാളിലെ യേശുവിന്റെ യാത്ര ലൂക്കായുടെ വിവരണക്രമമനുസരിച്ച്, തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കേ യേശു *ജറുസലേമിലേക്കു മുഖം തിരിച്ച*തിന്റെ (ലൂക്കാ 9,51 ഗ്രീക്കുമൂലമനുസരിച്ച്) തുടർച്ചയത്രേ. കുരിശിലെ ആത്മബലിയുടെ സ്ഥാനമായ ഗോല്ഗോഥാ അന്ത്യലക്ഷ്യമാക്കി യേശുക്രിസ്തു ചെയ്ത തന്റെ യാത്രയുടെ പരമലക്ഷ്യം പിതാവിന്റെ ഭവനമത്രേ. അതു സൂചിപ്പിക്കാൻ *ജറുസലേമിലേക്ക്* (= ജറു

സലേം ദേവാലയത്തിലേക്കു) *കയറിപ്പൊയ്ക്കൊണ്ടിരുന്ന* (ലൂക്കാ 19,28) യേശുമിശിഹായെ ഇന്ന് അവന്റെ ശിഷ്യഗണം എതിരേറ്റുകൊണ്ടുവരുകയാണ്. ലൂക്കാ 9,51 മുതലുള്ള യേശുവിന്റെ യാത്രാവിവരണത്തിന്റെ പല സന്ദർഭങ്ങളിൽ യാത്രയുടെ ലക്ഷ്യം ജറുസലേമാണെന്ന് ലൂക്കാ ഓർമിപ്പിക്കുന്നുണ്ട് (ലൂക്കാ 9,51.56.57;10,38;13,22.33–35;17,11;18,31). യേശു തന്റെ ആരോഹണത്തിന്റെ നഗരമായ (വേദിയായ) ജറുസലേമിൽ എത്തി ദേവാലയത്തിൽ പ്രവേശിച്ചതിന്റെ കഥ വിവരിക്കുന്നു ലൂക്കാ 19,28–46.

2,1 ഓശാനപ്പെരുന്നാൾ നമ്മുടെ ജീവിതത്തിൽ

യേശുവിന്റെ ഈ യാത്രയുടെ സ്വഭാവവും അർത്ഥവും ആവുന്നത്ര വ്യക്തമായി അറിയുന്നത് നമ്മുടെ പെരുന്നാളോഘോഷത്തിൽനിന്ന് കൂടുതൽ ഫലമെടുക്കാൻ നമ്മെ സഹായിക്കുമല്ലോ.

(1) സ്വർഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയിലെ ഒരു സംഭവവും ആ ജീവിതയാത്രയുടെ ഒരു റിഹേഴ്സലും

ലൂക്കായുടെ വിവരണമനുസരിച്ച് ഓശാനയാത്രയുടെ സന്ദർഭം പത്തു നാണയത്തിന്റെ ഉപമയുടെ അവസാനം നാണയം കൊടുത്തിരുന്ന പ്രഭു രാജപദവി പ്രാപിച്ചു വന്നപ്പോൾ ഒരു നാണയക്കാരനോടു പറയുന്ന വിധിവാചകമാണ്: *ഞാൻ നിങ്ങളോടു പറയുന്നു, ഉള്ളവനു കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും. ഞാൻ ഭരിക്കുന്നത് ഇഷ്ടമില്ലാതിരുന്ന ശത്രുക്കളെ ഇവിടെ കൊണ്ടുവന്ന് എന്റെ മുമ്പിൽവച്ച് കൊന്നുകളയുവിൻ* (ലൂക്കാ 19,27). ഇവയാണ് ഓശാനയാത്രയുടെ വിവരണം ആരംഭിക്കുന്നതിനു തൊട്ടു മുമ്പ് യേശുവിന്റെ വാക്കുകളായി ലൂക്കാ എഴുതിയിട്ടുള്ളത്. രാജപദവി പ്രാപിക്കാൻ ജറുസലേമിലേക്കു പോകുകയാണ് യേശു - ലൂക്കാ മുന്നമേ എഴുതിയിട്ടുണ്ട് (ലൂക്കാ 19,12).

രാജപദവിപ്രാപിക്കൽ എന്താണെന്ന് മുൻകൂട്ടി സൂചിപ്പിക്കുന്നതാണ് *ഒലിവുമലയ്ക്കരികേയുള്ള ബേത്ഫഗെ ബഥാനിയ* എന്നീ സ്ഥലങ്ങളുടെ പരാമർശം (ലൂക്കാ 19,29). ജറുസലേമിനു കിഴക്കാണ് ഒലിവുമല. അത് കർത്താവിന്റെ ആഗമനത്തോടു ബന്ധപ്പെട്ടു പ്രസ്ക്തിയുള്ള പ്രദേശമാണ് (സഖ 14,4). *ബേത്ഫഗെ*: അത്തിയുടെ ഭവനം എന്നാണർത്ഥം. നഥാനിയേൽ - കാപട്യമില്ലാത്തവൻ. നഥാനിയേലിനെപ്പോലെ അത്തിയുടെ ചുവട്ടിലിരുന്ന് തിരുഗ്രന്ഥം വായിച്ചിരുന്നവരുടെ നാട് എന്നും (യോഹ 1,47–49), ഫലം നല്കുന്നവയും നല്കാത്തവയുമായ അത്തികളുടെ നാട് എന്നും സൂചനകളാകാം. ബഥാനിയാ എന്ന പേരിനർത്ഥം അനനിയായുടെ ഭവനം എന്നാണ്. യേശുവിന്റെ ശിഷ്യർക്ക് ബഥാനിയായുടെ ഏറ്റവും വലിയ പ്രാധാന്യം യേശു സ്വർഗാരോഹണം ചെയ്തിടമാകുന്നു എന്നതത്രേ (ലൂക്കാ 24,50). ജറുസലേമിന്റെ

തെക്കുകിഴക്ക് ഏകദേശം മൂന്നു കി.മീ. അടുത്താണ് ബഥാനിയാ. അവിടം ആചാരപരമായി ജറുസലേമിന്റെ ഒരു അതിർത്തിയായിരുന്നു. തന്റെ സ്വർഗാരോഹണത്തിന് മുൻകുറിയും ആരംഭമായുമാണ് യേശുവിന്റെ ഓശാനയാത്ര. നമ്മുടെ ഓരോ ഓശാനയാത്രയും സ്വർഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയുടെ ഒരു അനുസ്മരണവും ആഘോഷവുംകൂടി ആയിരിക്കണം. ഒരുക്കത്തിന് കാപട്യമില്ലാത്തരായിരിക്കണം – നഥാനിയേലിനെപ്പോലെ; അത്തിയുടെ ചുവട്ടിലിക്കുന്നവരായിരിക്കണം = വിശുദ്ധ ഗ്രന്ഥം വായിച്ച് ധ്യാനിക്കാൻ ദിവസവും ശ്രദ്ധിച്ചുകൊണ്ടിരിക്കണം. അങ്ങനെ ഒരുങ്ങുമ്പോൾ യേശു നമ്മെയും നാം യേശുവിനെയും കാണും – യേശുവും നഥാനിയേലും തമ്മിൽ സംഭവിച്ചതുപോലെ.

(2) യേശു നമ്മെ ഭരിക്കാൻ ഇഷ്ടപ്പെടുക = യേശുവിനെ രാജാവായി സ്വീകരിക്കുക

*ഞാൻ ഭരിക്കുന്നത് ഇഷ്ടമില്ലാതിരുന്ന എന്റെ ശത്രുക്കളെ ഇവിടെ കൊണ്ടുവന്ന് കൊന്നുകളയുവിൻ* എന്നുള്ള വിധിവചനം (ലൂക്കാ 19,27) പറഞ്ഞതിനു ശേഷമാണ് യേശു ജറുസലേമിലേക്കുള്ള രാജകീയ യാത്ര ആരംഭിക്കുന്നത്. എന്താണ് യേശുവിന്റെ രാജത്വത്തിന്റെ സ്വഭാവം? അവന്റെ ജനനത്തിൽ വെളിപ്പെട്ടതുതന്നെ: പുല്ക്കൂട്ടിൽ ജനനവും കുരിശിൽ മരണവും: കുരിശിൽ ഉയർത്തലും മഹത്ത്വപ്പെടലും (യോഹ 12, 27-34). ഹേറോദേസിന്റെ കാലത്ത് ദൈവജനമായിരുന്ന യഹൂദരുടെ രാജാവായി യൂദയായിലെ ബേത്ലഹേമിൽ യേശു ജനിച്ചു (മത്താ 2,1-2). യഹൂദർ യേശുവിന്റെ കുരിശിൽ അവന്റെ രാജപദവി ഔദ്യോഗികമായി എഴുതിവച്ചു: 'യൂദരുടെ രാജാവ്' (ലൂക്കാ 23,38; മത്താ 27,37). കുരിശിൽ ഉയർത്തപ്പെട്ട് ദൈവജനത്തിന്റെ രാജാവെന്ന തന്റെ സ്ഥാനം യേശു എന്നേക്കും സ്ഥാപിച്ചു. അവനാൽ വീണ്ടെടുക്കപ്പെട്ട രാജകീയ പുരോഹിതജനപദവി മാമോദീസായിൽ നല്കപ്പെട്ടവരാണ് നാം. ആ പദവിയിലാണ് ഇന്നു നാം യേശുവിനെ രാജാവായി എതിരേല്ക്കുന്നത്. നമ്മുടെ രാജാവാണ് യേശു. യേശു മാത്രം നമ്മെ ഭരിക്കുന്നവരായാണോ നാം യേശുവിനു വരവേല്പു നല്കുന്നത്? നമ്മുടെ ഹൃദയത്തെ സമ്പൂർണമായി ഭരിക്കാൻ യേശുവിനെ അനുവദിച്ചുകൊണ്ടും ഹൃദയം അവനു വേണ്ടി മാത്രമായി സമർപ്പിച്ചുകൊണ്ടും അവന് ഓശാനയുടെ എതിരേല്പു നല്കണം. നമ്മുടെ ഹൃദയഭിത്തിയിൽ യേശു ഈ ബോർഡ് വായിക്കട്ടെ: ഹൃദയനാഥാ, എന്റെ ജീവിതത്തെ ദിനംതോറും, നിമിഷം തോറും ഭരിക്കുന്നവനേ, ഹോസാന, ഞങ്ങളെ രക്ഷിച്ചാലും! യേശു നമ്മുടെ കുടുംബങ്ങളുടെ രാജാവാകണം; നമ്മുടെ ഇടവകയുടെ രാജാവാകണം. വ്യക്തിതാത്പര്യങ്ങളല്ല നമ്മുടെ കുടുംബങ്ങളെയും ഇടവകകളെയും കൂട്ടായ്മകളെയും ഭരിക്കേണ്ടത്. യേശുവിന്റെ താത്പര്യങ്ങളാണ്. യേശുവിന്റെ താത്പര്യങ്ങളല്ലാകണം നമ്മുടെ താത്പര്യങ്ങൾ. അപ്പോൾ സംഗതികൾ ക്രൈസ്തവമായി സുഗമമാകും.

(3)നാമോരോരുത്തരും യേശുവിനുവേണ്ടി കെട്ടപ്പെട്ടിക്കുന്ന കഴുതയും അഴിച്ചുകൊണ്ടുവരപ്പെട്ട കഴുതയും ആകണം

ഓശാനയുടെ വർത്തമാനവത്കരണത്തിൽ യേശുവിന്റെ ശിഷ്യർതന്നെ - ക്രൈസ്തവർതന്നെ - യേശുമിശിഹായെ ദേവാലയത്തിലേക്ക് എഴുന്നള്ളിക്കുന്ന കഴുതകളാകുന്നു എന്ന പ്രത്യേകതയുണ്ട്. അവനുവേണ്ടി കഴുതയാകാൻ മനസ്സാകാത്തയാർക്കും ഓശാനപ്പെരുന്നാൾ ക്രൈസ്തവമായി ആഘോഷിക്കാനാവില്ല. അവരെ സംബന്ധിച്ചിടത്തോളം യേശുവിനു നല്കപ്പെട്ട എതിരേല്പ് ഒരു ഭൂതകാല സംഭവത്തിന്റെ ആചരണം മാത്രമാണ്. എന്നാൽ, യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിലെ നിർണായകമായ ഒരു സംഭവത്തിന്റെ ഓർമ എന്ന നിലയ്ക്ക് അത് സഭയ്ക്ക് ഇപ്പോൾ ഒരു ഭൂതകാലസംഭവമല്ല; വർത്തമാനകാല അനുഭവമാണ്. പുറംകണ്ണുകൾക്ക് അദൃശനെങ്കിലും കഴുതപ്പുറമേറി എഴുന്നള്ളിവരുന്ന രാജാവായ യേശു വിശ്വാസികളുടെ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്നു. അവരോരുവരുംതന്നെ അവന്റെ വാഹനമായ കഴുതയായിത്തീർന്നിരിക്കുന്നു. അവൻ അവർക്ക് ഒരു സ്നേഹവികാരമായിക്കഴിഞ്ഞിരിക്കുന്നു. വിശേഷിച്ച്, കഴിഞ്ഞ 40 ലേറെ ദിവസങ്ങളായി അവനോടൊപ്പം നോമ്പാകുന്ന മരുഭൂമിയിൽ കഴിഞ്ഞുകൂടിയിരുന്നതിനുശേഷം. ഇപ്പോളവർ അവനോടൊപ്പം ദേവാലയത്തിലേക്കു തീർഥാടനം നടത്തുകയും ചെയ്യുന്നു.

യേശുവിന്റെ കഴുതകൾ ക്രിസ്ത്യാനികൾ

കില്ല. ആദ്യനൂറ്റാണ്ടുകളിൽ റോമിൽ ക്രിസ്ത്യാനികളെ കഴുതകളെന്ന് കരുതുന്ന സ്ഥിതിവിശേഷം ഉണ്ടായിരുന്നു. ക്രൂശിതനായ യേശുവിനെ കഴുതയുടെ തലയും മനുഷ്യന്റെ ഉടലുമുള്ള ഒരു രൂപം വന്ദിക്കുന്നതിന്റെ താഴെ "കഴുത തന്റെ രാജാവിനെ വന്ദിക്കുന്നു" എന്നെഴുതിയ ഒരു ചിത്രം ഈ ലേഖകന് തന്റെ ഒരു ബൈബിൾപ്രൊഫസറായ ബഹു. ഡോ. ജോസഫ് കോട്ടയിലച്ചൻ നല്കിയത് ഓർമിക്കുന്നു. (ചിത്രം നഷ്ടപ്പെട്ടുപോയി). അതേ, യേശു കഴുതകളുടെ രാജാവാകുന്നു. ലോകത്തിന്റെ ജ്ഞാനികൾക്കും ലൗകികബുദ്ധിമതികൾക്കും ഭോഷത്തമാണ് ക്രൂശിതനായ ക്രിസ്തു. അവൻ ദൈവത്തിന്റെ ഭോഷത്തവും ബലഹീനതയുമാണ്. അതേ സമയം ദൈവത്തിന്റെ ഭോഷത്തവും ബലഹീനതയുമായ ക്രിസ്തു ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണെന്നും, മനുഷ്യരുടെ ശക്തിയെയും ജ്ഞാനത്തെയുംകാൾ ശക്തവും ജ്ഞാനപൂർണവുമാണെന്നും (1 കോറി 1,1,18-27) ക്രിസ്തുവിന്റെ കഴുതകൾക്കറിയാം. ലോകത്തിലെ വിവിധ

യേശുവിന്റെ യാത്ര പൂർത്തിയായത് ബേഥനിയായിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടപ്പോഴാണ് (ലൂക്കാ 24,50). ഇന്ന് ശിഷ്യസമൂഹം കർത്താവിന്റെ നാമത്തിൽ വരുന്ന യേശുവിനെ ആരോഹണത്തിന്റെ

ആദ്യപടിയായി 'ബേഥനിയാ'യിൽനിന്ന് (ലൂക്കാ 19,28-29) ദേവാലയത്തിലേക്ക് കുരുത്തോലകളുമേന്തി എതിരേറ്റുകൊണ്ടുപോകുന്നതാണ് ഓശാനശുശ്രൂഷയിലെ പ്രദക്ഷിണം. അതുകൊണ്ടാണ് ഓശാനശുശ്രൂഷ പ്രദക്ഷിണംകൊണ്ട്, വരവേല്പുകൊണ്ട് ആരംഭിക്കുന്നത്.

വരുന്ന തങ്ങളുടെ രാജാവിനെ ഹൃദയശുദ്ധിയുള്ളവർ ഹൃദയം നിറയെ കണ്ണുനിറയെ കാണും. ഓശാനപ്പെരുന്നാളിന്റെ പ്രാർഥനകളിൽ ശിശുക്കൾക്കു സവിശേഷ ശ്രദ്ധ നല്കിയിട്ടുണ്ട്. ഓശാന നിർമല ശിശുക്കളുടെ പെരുന്നാളാണ്; ശിശുത്വത്തിന്റെ പെരുന്നാളാണ്. ശിശുക്കളെപ്പോലെയാകാത്ത ആർക്കും "നിർമലതയുടെ കുരുത്തോലകൾ" ഉള്ളിലും കരത്തിലും വഹിക്കാനാകില്ല. തെങ്ങിൻകുരുത്തോലകൾ പൊക്കിപ്പിടിക്കാനേ ആകൂ. ഓശാനനാളിൽ കൈകളിലുയർത്തുന്നത് നമ്മുടെ "നിർമലതയുടെ കുരുത്തോലകളാ"കട്ടെ. തന്റെ കഴുത(ക്കുട്ടി)യാകാൻ യേശു നമ്മെക്കുറിച്ചു പറഞ്ഞിട്ടുള്ള രണ്ടാമത്തെ യോഗ്യത ഇതാണ്: യേശുവിനുവേണ്ടി കെട്ടപ്പെട്ടിരിക്കുന്നവർ. അവനോടു ഗാഢമായി കെട്ടപ്പെട്ട അനുഭവമുള്ളവർക്ക് ഓശാനപ്പെരുനാൾ അർഥവത്തും ആനന്ദപ്രദവുമായിരിക്കും. അവർ വാരിവിതറുന്ന പൂക്കൾ യേശുവുമായുള്ള ഉറ്റബന്ധമേകുന്ന ഹൃദയാനന്ദത്തിന്റെ പൂത്തിരിയായിരിക്കും. യേശുവിന്റേതും യേശുവിനുവേണ്ടിയുള്ളതും ആയിരിക്കുന്നതിൽ ആത്മാവ് കുതിച്ചുചാടുന്നതിന്റെ അടയാളമായിരിക്കും. മൂന്നാമത്തെ യോഗ്യത, കർത്താവിന് ആവശ്യമുള്ളത്. നമ്മുടെ ഏറ്റവും വലിയ ജീവശക്തിയും പ്രവർത്തനശക്തിയുമാണല്ലോ നമ്മെ ആവശ്യമുണ്ട് എന്ന സുബോധം. എന്നെ ആർക്കും വേണ്ടാ എന്ന വിചാരം നമ്മെ ഭരിക്കാനിടയാകുന്ന നിമിഷം നാം ജീവിച്ചിരിക്കേ മരിച്ച ഒരു അവസ്ഥയത്രേ. ഗോല്ഗോഥാ അന്ത്യലക്ഷ്യമാക്കി ദേവാലയത്തിലേക്കുള്ള യാത്രയ്ക്കൊരുങ്ങുന്ന മിശിഹാകർത്താവ്, നമ്മോടു പറയുന്നു, എനിക്ക് നിന്നെ ആവശ്യമുണ്ട്. മക്കളുപേക്ഷിച്ച മാതാപിതാക്കന്മാർ, മാതാപിതാക്കന്മാർ ഉപേക്ഷിച്ച മക്കൾ, ഭർത്താവ് ഉപേക്ഷിച്ച ഭാര്യ, ഭാര്യ ഉപേക്ഷിച്ചുപോയ ഭർത്താവ് ഇങ്ങനെയിങ്ങനെ ഉപേക്ഷിക്കപ്പെട്ടവരെയെല്ലാം യേശുമിശിഹായ്ക്ക് കഴുതകളായി ആവശ്യമുണ്ട്. യുവതീയുവാക്കന്മാരെ ആവശ്യമുണ്ടവന്. അവനുവേണ്ടി കെട്ടപ്പെട്ടവരും ശുദ്ധിയുള്ളവരുമായ കഴുതകളാകാൻ മലങ്കര സഭയുടെ യുവത ഏറെ തത്പരരാകേണ്ട ആവശ്യമുണ്ട്. യേശുവിനുവേണ്ടി മാത്രമുള്ള നേർകഴുതകളാകാൻ ഏറെ യുവതികൾ തയ്യാറായാൽ മാത്രമേ ഏതാനും വർഷം കഴിയുമ്പോൾ മലങ്കര കത്തോലിക്കാ സഭയിൽ സന്യാസിനികൾ കാണുകയുള്ളു എന്ന അവസ്ഥയിലാണ് സഭയിലെ സന്യാസിനിസമൂഹങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അനാഥരെയും ഉപേക്ഷിക്കപ്പെടുന്നവരെയുമൊക്കെ ശുശ്രൂഷിക്കാനാവശ്യമാകുന്നവരുടെ എണ്ണം കൂട്ടുന്ന രീതിയിലാണ് "കൊല്ലുന്ന" നവസാമ്പത്തികപ്രയോഗത്തിന്റെ പ്രയാ

ണം. ഓശാനയ്ക്ക് യേശുവും നമ്മളും ഒരുങ്ങുമ്പോൾ യേശു നമ്മോടു പറയുന്നു: എനിക്ക് നിന്നെ കഴുതയായി ആവശ്യമുണ്ട്. കേൾക്കാമോ? തങ്ങളുടെ മക്കളിലാരെയെങ്കിലുംകുറിച്ച് മിശിഹാരാജാവ് പറയുന്നത് മാതാപിതാക്കന്മാർക്കു കേൾക്കാമോ? എൻജിനിയറും ഡോക്ടരും നേഴ്സും കുടുംബിനിയുമൊക്കെയാക്കുന്നതിനെക്കുറിച്ചു മാത്രമേ കേൾക്കാൻ കഴിയുന്നുള്ളോ?

## യേശുവിന്റെ കഴുതയാത്രയുടെ ഉദ്ദേശം

ദാവീദുപുത്രനായ മിശിഹാരാജാവ് എന്തിനാണ് കഴുതയെ തിരഞ്ഞെടുത്തത്? തിരുഗ്രന്ഥപ്രകാരം (പഴയ നിയമം) മൂന്നു കാരണങ്ങളുണ്ട്. യൂദാഗോത്രജനായിരുന്നതിനാൽ അവനുവേണ്ടി ഗോത്രപിതാവ് കെട്ടിയിരുന്നത് കഴുതയെയായിരുന്നു (ഉത്പ 49,11). രാജാക്കന്മാർ തേരുതെളിച്ചെഴുന്നെള്ളിയിരുന്ന കാലത്ത് സീയോൻപുത്രിയുടെ (ജറുസലേമിന്റെ) രാജാവ് പ്രതാപവാനും വിജയശാലിയുമാണെങ്കിലും വിനീതനായി കഴുതപ്പുറത്തു കയറി അവളുടെ അടുത്തേക്കു വരുന്നെന്നാണ് സഖറിയാ പ്രവചിച്ചിട്ടുള്ളത്. അതും നിറവേറണം. ചുരുക്കിപ്പറഞ്ഞാൽ, ഇതായിരുന്നു യേശുവിനെക്കുറിച്ചുള്ള ദൈവഹിതം. മലയിലെ പ്രസംഗത്തിൽ യേശു പ്രഖ്യാപിച്ചിരുന്നു, ''ശാന്തശീലർ അനുഗൃഹീതർ; എന്തെന്നാൽ, അവർ ഭൂമിയെ അവകാശമാക്കും'' (മത്താ 5,5). എളിമയാലും ശാന്തതയാലും സമാധാനത്താലും ലോകം മുഴുവനും തന്റേതാക്കാനാണ് യേശു കഴുത്തപ്പുറത്തേറി രാജാവായി എഴുന്നള്ളിയത്. അന്നത്തെയും ഇന്നത്തെയും എക്കാലത്തെയും സർവസംഹാരികളായ സർവ യുദ്ധായുധങ്ങളെയും നിരാകരിക്കുകയും നിർവീര്യമാക്കുകയും ചെയ്യുന്ന ശാന്തിയും സമാധാനവുമാണ് അവന്റെ ആയുധം; അവന്റെ ശക്തി. ദരിദ്രരുടെ രാജാവായാണ് അവന്റെ എഴുന്നള്ളത്ത്. (Pope Benedict XVI, *Jesus of Nazareth*, part I, pp. 80-84).

കഴുതമേലേറി ശാന്തനും വിനീതനുമായി വരുന്ന സമാധാനരാജാവായ മിശിഹാ തങ്ങളുടെ ബന്ധത്തിന്റെ രാജാവാകാൻ അനുവദിച്ചിരുന്നെങ്കിൽ ഇന്നാളുകളിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നത്രയും കുടുംബഛിദ്രങ്ങൾക്കും വേർപെടലുകൾക്കും ക്രിസ്തീയ കുടുംബങ്ങൾ വിധേയമാകുമായിരുന്നില്ല. സഹോദരബന്ധങ്ങൾ ശിഥിലമാകുമായിരുന്നില്ല. ക്രിസ്തീയ വ്യക്തിത്വങ്ങൾ വികൃതങ്ങളാകുമായിരുന്നില്ല. ക്രിസ്തീയ സഭകൾ പോർമുന്നണികൾ ആകുമായിരുന്നില്ല. ''ഞാൻ ശാന്തഹൃദയനും വിനീതനുമാകയാൽ എന്നിൽനിന്നു പഠിക്കുവിൻ'' (മത്താ 11,29) എന്ന യേശുവചനങ്ങളും മാതൃകയും ഇന്ന് അവന്റെ ശിഷ്യർക്കും ലോകരാഷ്ട്രങ്ങൾക്കും അപഭ്രംശമോ പേശീബലമില്ലാത്ത പദങ്ങളോ ആയിരിക്കുന്നു. അവന്റെ എതിരേല്പിന് നാം കൈയ്യേന്തുന്ന കുരുത്തോലകൾ ഓശാന കഴിഞ്ഞ് ദേവാലയത്തിൽനിന്ന് ഇറങ്ങുന്ന

തിനുമുമ്പേ കളിപ്പാട്ടങ്ങളോ ഈർക്കിൽത്തുമ്പത്തുഞ്ഞാലാടുന്ന കുരിശുകളോ ആക്കപ്പെടുന്നു! എടുക്കപ്പെടുന്ന 'ഒലിവ്ശാഖ'കളെല്ലാം അവയുടെ മാതൃവൃക്ഷങ്ങളെപ്പോലും മൂടേ മുടിച്ചുകളയുന്ന തീപ്പന്തങ്ങളായിപ്പോകുന്നു! ആദ്യത്തെ ഓശാന ഇന്ന് നമുക്കൊരത്യാവശമായിരിക്കുന്നു.

യേശു കഴുതപ്പുറമേറി രാജാവായി വന്നതിന്റെ ഉദ്ദേശത്തെക്കുറിച്ച് മലങ്കരസഭയുടെ കുരുത്തോലവാഴ്‌വിൽ നല്കിയിട്ടുള്ള വ്യഖ്യാനങ്ങളിൽ രണ്ടെണ്ണം നാമിപ്പോൾ സവിശേഷം ശ്രദ്ധിക്കുന്നു. ഒന്ന്, അവനങ്ങനെ വന്നത് ശത്രുവിന്റെ അഹങ്കാരത്തെ നശിപ്പിക്കാനാണ് (രണ്ടാം കുക്കിലിയോൻ). ആരാ അവന്റെ ശത്രു? പിശാച്. പിശാച് എന്നു പറയുന്നത് വാലും കൊമ്പും കൂർത്ത ചെയവിയും വായിൽ തീയുമൊക്കെയുള്ള ഏതോതരം ജീവിയല്ല. പിശാച് അഹങ്കാരിയാ. ദൈവത്തെ ധിക്കരിക്കാൻ, കള്ളം പറയാനും പ്രവർത്തിക്കാനും, മറ്റുള്ളവർക്കു ദ്രോഹം ചെയ്യാനും വെറുപ്പും വിദ്വേഷവും വച്ചുപുലർത്താനും കുത്തിത്തിരുപ്പുണ്ടാക്കാനം പ്രയോഗത്തിലാക്കാനും നമ്മെ പ്രേരിപ്പിക്കുന്ന നമ്മിൽത്തന്നെയുള്ള ദുർശക്തിയാണ്. പാപത്തെക്കുറിച്ച് അനുതപിക്കാതിരിക്കാനും, യഥാർത്ഥമായി അനുതപിച്ചു കുമ്പസാരിച്ച് കല്പിക്കപ്പെട്ട പ്രായശ്ചിത്തവും അതിനെക്കാളേറെയും നിവർത്തിച്ചാലും പിന്നെയും പാപമോചനത്തിൽ സംശയിക്കാൻ നമ്മെ പ്രേപിപ്പിക്കുന്ന ദുർശക്തി.

ഓശാനപ്പെരുന്നാൾ നാം നമ്മുടെ അഹങ്കാരം നശിപ്പിച്ചിട്ട്, "ഈശന്നേറ്റം പ്രിയമാം വിനയം പാലിച്ചീടാൻ" പഠിക്കുന്ന (മാർ യാക്കോബിന്റെ ബോവൂസാ) പാഠശാലയാണ്. രണ്ട്, "ജാതികളെ സന്ദർശിപ്പാൻ" (മാർ യാക്കോബിന്റെ ബോവൂസാ). അതായത്, സുവിശേഷവത്ക്കരണത്തിന്. "ജാതികൾക്കുള്ള ക്ഷണം കർത്താവ് സൂചിപ്പിച്ചു"യെന്ന് സെദറായിലും ഓർമിക്കുന്നു. യേശുവിന്റെ സമാധാനത്തിന്റെയും ശാന്തിയുടെയും സുവിശേഷം സകല ജനതകളോടും രാജ്യങ്ങളോടും പ്രഘോഷിക്കാനുള്ള ക്രൈസ്തവദൗത്യബോധം നമ്മിൽ പുനശ്ശക്തീകരിക്കപ്പെടേണ്ട സമയമാണ് ഓശാന.

മിശിഹാ തങ്ങളുടെ ബന്ധത്തിന്റെ രാജാവാകാൻ അനുവദിച്ചിരുന്നെങ്കിൽ ഇന്നാളുകളിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നത്രയും കുടുംബഛിദ്രങ്ങൾക്കും വേർപെടലുകൾക്കും ക്രിസ്തീയ കുടുംബങ്ങൾ വിധേയമാകുമായിരുന്നില്ല. സഹോദരബന്ധങ്ങൾ ശിഥിലമാകുമായിരുന്നില്ല. ക്രിസ്തീയ വ്യക്തിത്വങ്ങൾ വികൃതങ്ങളാകുമായിരുന്നില്ല. ക്രിസ്തീയ സഭകൾ പോർമുന്നണികൾ ആകുമായിരുന്നില്ല. "ഞാൻ ശാന്തഹൃദയനും വിനീതനുമാകയാൽ എന്നിൽനിന്നു പഠിക്കുവിൻ" (മത്താ 11,29)